ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 15.06.2025** **TIME : 07.25 AM**

## പ്രധാന വാർത്തകൾ

1. സൈപ്രസ്, കാനഡ, ക്രൊയേഷ്യ എന്നീ രാജ്യങ്ങളിലേക്കുള്ള പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ പര്യടനത്തിന് ഇന്ന് തുടക്കം. കാനഡയിൽ ജി 7 ഉച്ചകോടിയിൽ പങ്കെടുക്കും.

   **PM Narendra Modi to begin 3-nation visit to Cyprus, Canada, Croatia today; PM Will attend the G7 summit in Canada.**

2. ഇന്ത്യൻ ബഹിരാകാശ സഞ്ചാരി ശുഭാൻഷു ശുക്ല ഉൾപ്പെട്ട ബഹിരാകാശ ദൗത്യം **Axiom**-4 ഈ മാസം 19 ന് നടക്കും.

   **The Axiom-4 mission carrying Indian astronaut Shubhanshu Shukla to the International Space Station will take place on June 19.**

3. കേരളത്തിൽ അതിതീവ്രമഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്, ഇന്ന് അഞ്ച് ജില്ലകളിൽ ചുവപ്പ് ജാഗ്രത.

   **IMD predicts possibility of heavy rain in Kerala, red alert in five districts today.**

4. ഇസ്രായേൽ - ഇറാൻ സംഘർഷം രൂക്ഷമായി തുടരുന്നു. ഇറാൻ - അമേരിക്ക ആറാം വട്ട ആണവ ചർച്ച റദ്ദാക്കി.

   **Israel-Iran tension continues to escalate. Iran-US sixth round of nuclear talks cancels.**

5. യൂറോപ് പര്യടനത്തിൽ വിജയക്കുതിപ്പ് തുടർന്ന് ഇന്ത്യൻ ജൂനിയർ വനിതാ ഹോക്കി ടീം.

**Indian junior women's hockey team continues the victory in Europe tour.**

**&&&&&&&&&&&&&&&**

## HEADLINE 1

## PM VISIT – INTRO

പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ അഞ്ച് ദിവസത്തെ വിദേശ പര്യടനത്തിന് ഇന്ന് തുടക്കമാകും. സൈപ്രസ്, കാനഡ, ക്രൊയേഷ്യ എന്നീ രാജ്യങ്ങളാണ് പ്രധാനമന്ത്രി സന്ദർശിക്കുന്നത്.
വിശദാംശങ്ങളിലേക്ക്............

(ഹോൾഡ്-വോയ്സ്)

## PM VISIT VOICE

പര്യടനത്തിൻറെ ആദ്യപാദത്തിൽ പ്രധാനമന്ത്രി ഇന്ന് സൈപ്രസ് സന്ദർശിക്കും. പ്രസിഡന്റ് നിക്കോസ് ക്രിസ്റ്റോ-ഡൗലിഡ്സിന്റെ ക്ഷണപ്രകാരമാണ് സന്ദർശനം. അവിടെ പ്രസിഡന്റുമയും ബിസിനസ്സ് നേതാക്കളുമായും ശ്രീ മോദി കൂടിക്കാഴ്ച നടത്തും. സന്ദർശനത്തിന്റെ രണ്ടാം ഘട്ടത്തിൽ, ജി-7 ഉച്ചകോടിയിൽ പങ്കെടുക്കാൻ പ്രധാനമന്ത്രി നാളെ കാനഡയിലേക്ക് പോകും. ജി-7 ഉച്ചകോടിയിൽ നരേന്ദ്ര മോദിയുടെ തുടർച്ചയായ ആറാമത്തെ പങ്കാളിത്തമാണിത്. ഉച്ചകോടിയിൽ, ഊർജ്ജ സുരക്ഷ, സാങ്കേതികവിദ്യ, നൂതനാശയം തുടങ്ങിയ നിർണായക ആഗോള വിഷയങ്ങളിൽ പ്രധാനമന്ത്രി അഭിപ്രായങ്ങൾ പങ്കുവെക്കും. പര്യടനത്തിന്റെ അവസാന ഘട്ടത്തിൽ, ജൂൺ 18 ന് പ്രധാനമന്ത്രി മോദി ക്രൊയേഷ്യയിലേക്ക് ഔദ്യോഗിക സന്ദർശനം നടത്തും. ഒരു ഇന്ത്യൻ പ്രധാനമന്ത്രി ക്രൊയേഷ്യയിലേക്ക് നടത്തുന്ന ആദ്യ സന്ദർശനമാണിത്.

ന്യൂസ് ഡെസ്ക്, ആകാശവാണി............

**&&&&&&&&&&&&&&&**

## SHAH-MADHYA PRADESH

ദേശീയ സുരക്ഷ മുൻഗണനയായി തുടരുമെന്നും, ഇന്ത്യയുടെ പരമാധികാരത്തിന് ഭീഷണിയാകുന്ന ഏതൊരു ശ്രമത്തെയും നിർണായക നടപടിയിലൂടെ നേരിടുമെന്നും കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷാ. മധ്യപ്രദേശിൽ ഇന്നലെ ബി ജെ പി എംപി-എംഎൽഎ സമ്മേളനത്തെ അഭിസംബോധന ചെയ്യുകയായിരുന്നു അദ്ദേഹം. രാജ്യത്തിന്റെ താൽപ്പര്യങ്ങൾ സംരക്ഷിക്കുന്നതിൽ സർക്കാരിന്റെ ഉറച്ച നിലപാട് അദ്ദേഹം അടിവരയിട്ടു.

**&&&&&&&&&&&&&&&**

## REV. JAISHANKAR-PARIS

വിദേശകാര്യ മന്ത്രി എസ്. ജയ്ശങ്കറിന്റെ നാല് ദിവസത്തെ ഫ്രാൻസ് സന്ദർശനം പൂർത്തിയായി. ഭീകരതയ്ക്കെതിരായ പോരാട്ടത്തിൽ ഇന്ത്യയ്ക്ക് ഫ്രാൻസ് നൽകിയ ശക്തമായ പിന്തുണയെ അദ്ദേഹം അഭിനന്ദിച്ചു. സന്ദർശന വേളയിൽ, പ്രസിഡന്റ് ഇമ്മാനുവൽ മാക്രോയുമായും പ്രധാനമന്ത്രി ജീൻ-നോയൽ ബാരറ്റുമായും ഡോ. ജയ്ശങ്കർ കൂടിക്കാഴ്ച നടത്തി. ഇന്തോ-പസഫിക് ഉൾപ്പെടെ നിരവധി പ്രാദേശിക, ആഗോള വിഷയങ്ങളെക്കുറിച്ച് ചർച്ച നടന്നു.

**&&&&&&&&&&&&&&&**

## SONOWAL - INDIAN ECONOMY

2029 ഓടെ ലോകത്തിലെ മൂന്നാമത്തെ വലിയ സമ്പദ്‌വ്യവസ്ഥയായി മാറാനുള്ള യാത്രയിലാണ് ഇന്ത്യയെന്ന് കേന്ദ്രമന്ത്രി സർബാനന്ദ സോനോവാൾ. അസമിലെ

ദിബ്രുഗഡിൽ പത്രസമ്മേളനത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. അസമിനെ ആഗോള വ്യാപാര പാതകളുമായി ബന്ധിപ്പിക്കുന്നത് ലക്ഷ്യമിട്ട് റോഡുകൾ, റെയിൽവേ, ഇന്റർനെറ്റ് കണക്റ്റിവിറ്റി, ആധുനിക തുറമുഖങ്ങൾ എന്നിവയുൾപ്പെടെയുള്ള അടിസ്ഥാന സൗകര്യ പദ്ധതികൾ പുരോഗമിക്കുകയാണെന്ന് കേന്ദ്രമന്ത്രി അറിയിച്ചു.

&&&&&&&&&&&&&&&

## HEADLINE 2
## AXIOM-4

ഇന്ത്യൻ ബഹിരാകാശ സഞ്ചാരി ശുഭാൻഷു ശുക്ല ഉൾപ്പെട്ട ബഹിരാകാശ ദൗത്യം Axiom-4 ഈ മാസം 19 ന് നടക്കും. ദൗത്യം വൈകുന്നതിന് കാരണമായ സാങ്കേതിക തകരാറുകൾ പരിഹരിച്ചതിനെ തുടർന്നാണ് പ്രഖ്യാപനം. വിജയകരമായി പൂർത്തീകരിച്ചാൽ 1984 ൽ ബഹിരാകാശത്ത് എത്തിയ രാകേഷ് ശർമ്മയ്ക്ക് ശേഷം ഈ നേട്ടം കൈവരിക്കുന്ന ആദ്യ ഇന്ത്യൻ സഞ്ചാരിയാകും ശുഭാൻഷു ശുക്ല. 14 ദിവസം നീളുന്ന ദൗത്യത്തിൽ വിവിധ പരീക്ഷണങ്ങളും അദ്ദേഹം ബഹിരാകാശത്ത് നടത്തും. NASA, Space X, ISRO എന്നിവയുടെ സംയുക്ത ദൗത്യമാണ് Axiom-4.

&&&&&&&&&&&&&&&

## ISRO - UP ROCKET LAUNCH

ഉത്തർപ്രദേശിൽ നിന്നുള്ള ആദ്യ ഉപഗ്രഹ വിക്ഷേപണം വിജയകരമായി പൂർത്തിയാക്കി ISRO. ത്രസ്റ്റ് ടെക്ക് ഇന്ത്യ ലിമിറ്റഡുമായി ചേർന്ന് കുഷിനഗറിലാണ് പരീക്ഷണം നടന്നത്. 1.1 കിലോമീറ്റർ ഉയരത്തിലെത്താൻ റോക്കറ്റിനു കഴിഞ്ഞു. ഒക്ടോബർ-നവംബർ മാസങ്ങളിൽ 900 ലധികം സാറ്റലൈറ്റുകൾ പരീക്ഷിക്കുന്ന വിപുലമായ പരിപാടിക്ക് മുന്നോടിയായാണ് ഇന്നലത്തെ വിക്ഷേപണം നടന്നത്.

**&&&&&&&&&&&&&&&&&**

## NILAMBUR BYELECTION

കേരളത്തിൽ നിലമ്പൂർ ഉപതിരഞ്ഞെടുപ്പിനുള്ള ഇലക്ട്രോണിക് വോട്ടിംഗ് യന്ത്രങ്ങളുടെ കമ്മീഷനിങ് പൂർത്തിയായി. 263 പോളിംഗ് ബൂത്തുകളിലേക്ക് റിസേർവ് ഉൾപ്പെടെയുള്ള മെഷീനുകൾ സജ്ജമാക്കി. അതേസമയം രാഷ്ട്രീയ പാർട്ടികളുടെ പ്രചാരണം ഊർജ്ജിതമായി പുരോഗമിക്കുന്നു. എൽഡിഎഫ് സ്ഥാനാർത്ഥി എം സ്വരാജിൻറെ പ്രചാരണത്തിനായി മുഖ്യമന്ത്രിയും CPIM മുതിർന്ന നേതാവുമായ പിണറായി വിജയൻ ഇന്നലെ വഴിക്കടവിലും എടക്കരയിലും പരിപാടികളിൽ പങ്കെടുത്തു. കോൺഗ്രസ് സ്ഥാനാർത്ഥി ആര്യാടൻ ഷൗക്കത്തിന്റെ പ്രചാരണത്തിനായി മുതിർന്ന നേതാവും എം പിയുമായ പ്രിയങ്ക ഗാന്ധി ഇന്ന് വിവിധയിടങ്ങളിൽ പ്രചരണം നടത്തും. എൻഡിഎ സ്ഥാനാർഥി മോഹൻ ജോർജിന്റെ തെരഞ്ഞെടുപ്പ് പ്രകടന പത്രിക ഇന്ന് ബിജെപി സംസ്ഥാന അധ്യക്ഷൻ രാജീവ് ചന്ദ്രശേഖർ പ്രകാശനം ചെയ്യും.

**&&&&&&&&&&&&&&&&&**

## KENYA DEATH

കെനിയയിലെ ബസ് അപകടത്തിൽ മരിച്ച അഞ്ച് മലയാളികളുടെ മൃതദേഹം ഇന്ന് രാവിലെ നെടുമ്പാശേരി വിമാനത്താവളത്തിൽ എത്തിക്കും. കെനിയയിൽ നിന്നും ഇന്ത്യയിലേക്ക് പ്രവേശിക്കുന്നതിന് യെല്ലോ വാക്സിൻ സർട്ടിഫിക്കറ്റ് വേണമെന്ന നിബന്ധനയിൽ കേന്ദ്രസർക്കാർ പ്രത്യേക ഇളവ് അനുവദിച്ചിരുന്നു. സംസ്ഥാന സർക്കാരിനെ പ്രതിനിധീകരിച്ച് മൃതദേഹങ്ങൾ മന്ത്രി പി രാജീവ് ഏറ്റുവാങ്ങും. ഈ മാസം ഒൻപതിന് ആണ്

വിനോദസഞ്ചാരത്തിനെത്തിയ 28 പേരടങ്ങുന്ന ഇന്ത്യൻസംഘം സഞ്ചരിച്ച ടൂറിസ്റ്റ് ബസ് അപകടത്തിൽ പെട്ടത്.

&&&&&&&&&&&&&&&

## HEADLINE 3
## RAIN KERALA

അതിതീവ്ര മഴ സാധ്യത കണക്കിലെടുത്ത് കേരളത്തിലെ അഞ്ച് ജില്ലകളിൽ ഇന്ന് ചുവപ്പ് ജാഗ്രത പ്രഖ്യാപിച്ചു. മലപ്പുറം, കോഴിക്കോട്, വയനാട്, കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ ചുവപ്പ് ജാഗ്രതയും മറ്റെല്ലാ ജില്ലകളിലും ഓറഞ്ച് ജാഗ്രതയും നൽകിയിട്ടുണ്ട്. തീരത്ത് കടൽ ക്ഷോഭത്തിനും സാധ്യത. കേരള- കർണാടക- ലക്ഷദ്വീപ് തീരങ്ങളിൽ ഈ മാസം 18 വരെ മത്സ്യത്തൊഴിലാളികൾ കടലിൽ പോകരുതെന്ന് മുന്നറിയിപ്പ്.

&&&&&&&&&&&&&&&

## YOGA CONNECT -INTRO

പതിനൊന്നാമത് അന്താരാഷ്ട്ര യോഗ ദിനാഘോഷങ്ങൾക്ക് മുന്നോടിയായി ന്യൂഡൽഹിയിൽ 'ഭൂമിക്കും, ഏക ആരോഗ്യത്തിനും യോഗ' എന്ന വിഷയത്തിൽ ആഗോള ഉച്ചകോടി സംഘടിപ്പിച്ചു. കേന്ദ്ര ടൂറിസം മന്ത്രി ഗജേന്ദ്ര സിംഗ് ശെഖാവത്തും ആയുഷ് സഹമന്ത്രി പ്രതാപ് റാവു ജാദവും ചേർന്ന് പരിപാടി ഉദ്ഘാടനം ചെയ്തു. യോഗ ഒരു ജീവിതശൈലിയായി സ്വീകരിക്കാനുള്ള ആഹ്വാനമാണ് ഇത്തരം പരിപാടികളിലൂടെ ലക്ഷ്യമിടുന്നതെന്ന് കേന്ദ്ര മന്ത്രി ഗജേന്ദ്ര സിംഗ് ശെഖാവത്ത് വ്യക്തമാക്കി.

( വോയിസ്.....)

&&&&&&&&&&&&&&&

## HEADLINE 4
## IRAN ISRAEL WAR

ഇസ്രായേൽ - ഇറാൻ സംഘർഷം രൂക്ഷമായി തുടരുന്നു. ഇസ്രായേൽ സൈന്യം ഇന്നലെ ടെഹ്റാനിലെ സൈനിക കേന്ദ്രങ്ങളിൽ ആക്രമണങ്ങൾ നടത്തി. ആക്രമണങ്ങൾ തുടർന്നേക്കുമെന്നും ഇനിയൊരു അറിയിപ്പ് ഉണ്ടാകുന്നതുവരെ സുരക്ഷിത സ്ഥാനങ്ങളിലേക്ക് മാറണമെന്നും ഇറാനിലെ സാധാരണ ജനങ്ങൾക്ക് ഇസ്രായേൽ പ്രതിരോധ സേന മുന്നറിയിപ്പ് നൽകി. അതേസമയം, യുഎസ് പ്രസിഡന്റ് ഡോണൾഡ് ട്രംപ് ഇറാന് നേരെയുള്ള നയതന്ത്ര സമ്മർദ്ദം ശക്തമാക്കി. അമേരിക്കയുമായി ആണവ കരാറിൽ ഏർപ്പെട്ടില്ലെങ്കിൽ ഇറാനെതിരെ കൂടുതൽ ആക്രമണങ്ങൾ ഉണ്ടാകുമെന്ന് മുന്നറിയിപ്പ് നൽകി. ഇറാൻറെ മിസൈലുകൾ പ്രതിരോധിക്കാൻ അമേരിക്കൻ വ്യോമ പ്രതിരോധ സംവിധാനങ്ങളും നാവിക സേന കപ്പലും ഇസ്രായേലിനെ സഹായിച്ചതായി യുഎസ് ഉദ്യോഗസ്ഥർ സ്ഥിരീകരിച്ചു.

&&&&&&&&&&&&&&&

## IRAN US NUCLEAR TALK

മസ്കറ്റിൽ ഇന്ന് നടക്കാനിരുന്ന ഇറാൻ - അമേരിക്ക ആറാം വട്ട ആണവ ചർച്ചകൾ റദ്ദാക്കിയതായി ഒമാൻ വിദേശകാര്യ മന്ത്രി ബദർ അൽബുസൈദി സ്ഥിരീകരിച്ചു. ഇറാൻ - ഇസ്രായേൽ സംഘർഷം തുടരുന്ന സാഹചര്യത്തിലാണ് ചർച്ച റദ്ദാക്കിയതെന്നും നയതന്ത്ര ചർച്ചകളിലൂടെ സമാധാനം പുനസ്ഥാപിക്കുകയാണ് വേണ്ടതെന്നും അദ്ദേഹം സമൂഹ മാധ്യമത്തിലൂടെ വ്യക്തമാക്കി. ഇറാനെതിരെ ഇസ്രായേൽ നടത്തിയ വ്യോമാക്രമണത്തിൽ നിരവധി മുതിർന്ന കമാൻഡർമാരും ശാസ്ത്രജ്ഞരും കൊല്ലപ്പെട്ടിരുന്നു.

&&&&&&&&&&&&&&&

## HEADLINE 5
## HOCKEY

യൂറോപ് പര്യടനത്തിൽ വിജയം തുടർന്ന് ഇന്ത്യൻ ജൂനിയർ വനിതാ ഹോക്കി ടീം. ഇന്നലെ നടന്ന മത്സരത്തിൽ ഓസ്ട്രേലിയയെ 2-1 നാണു ഇന്ത്യൻ വനിതകൾ തോൽപ്പിച്ചത്. ആതിഥേയരായ ബെൽജിയത്തിനെതിരെ മുൻപ് നടന്ന മൂന്നു കളികളും ഇന്ത്യ വിജയിച്ചിരുന്നു. നെതർലൻറ്സിനെതിരെ ചൊവ്വാഴ്ചയാണ് ഇന്ത്യയുടെ അവസാന മത്സരം.

&&&&&&&&&&&&&&&

## ASIAN GYMNASTICS CHAMPIONSHIPS

ദക്ഷിണ കൊറിയയിലെ ജെച്ചോണിൽ നടന്ന ഏഷ്യൻ ആർട്ടിസ്റ്റിക് ജിംനാസ്റ്റിക് ചാമ്പ്യൻഷിപ്പിൽ ഇന്ത്യയുടെ പ്രണതി നായക്കിനു വെങ്കലം. വനിതകളുടെ വോൾട്സ് ഇനത്തിലാണ് പ്രണതിയുടെ നേട്ടം.

&&&&&&&&&&&&&&&

## BCCI APEX MEET

ബെംഗളൂരുവിൽ ആർ സി ബിയുടെ ഐപിഎൽ വിജയാഘോഷ വേളയിൽ ഉണ്ടായതുപോലുള്ള അനിഷ്ട സംഭവങ്ങൾ തടയുന്നതിനുള്ള സമഗ്ര മാർഗ്ഗനിർദ്ദേശങ്ങൾങ്ങൾക്കായി സമിതി രൂപീകരിക്കാൻ ബി സി സി ഐ തീരുമാനം. ഇന്നലെ നടന്ന ബിസിസിഐയുടെ 28-ാമത് ഉന്നതതല സമിതി യോഗത്തിലാണ് തീരുമാനം. 15 ദിവസത്തിനുള്ളിൽ സമിതി മാർഗ്ഗനിർദ്ദേശങ്ങൾ രൂപീകരിക്കും.

&&&&&&&&&&&&&&&

## WORLD ELDER ABUSE AWARENESS DAY

വയോജനങ്ങൾക്കു നേരെയുള്ള അതിക്രങ്ങൾക്കെതിരായ ബോധവൽക്കരണ ദിനം ഇന്ന് ആഗോളതലത്തിൽ ആചരിക്കുന്നു. വയോജനങ്ങൾ നേരിടുന്ന അവഗണനകൾക്കും

അതിക്രമങ്ങൾക്കുമെതിരെയുള്ള അവബോധമാണ് ദിനാചരണം ലക്ഷ്യമിടുന്നത്. ഇന്ത്യയിൽ, സാമൂഹിക നീതി- ശാക്തീകരണ മന്ത്രാലയത്തിൻറെ നേതൃത്വത്തിൽ ഈ ദിനം ആഘോഷിക്കുന്നു. മുതിർന്ന പൗരന്മാരുടെ ക്ഷേമത്തിനായി 14567 എന്ന ടോൾ ഫ്രീ നമ്പറിൽ ബന്ധപ്പെടാവുന്നതാണ്. അതേസമയം കേരളത്തിൽ വയോജന ക്ഷേമത്തിനായി കമ്മീഷൻ രൂപീകരിക്കാനുള്ള പ്രവർത്തനങ്ങൾ പുരോഗമിക്കുകയാണെന്ന് മന്ത്രി ആർ ബിന്ദു അറിയിച്ചു.

&&&&&&&&&&&&&&&

## GLOBAL WIND DAY – INDIA

ശുദ്ധവും സുസ്ഥിരവുമായ വളർച്ച കൈവരിക്കുന്നതിൽ കാറ്റാടി ഊർജ്ജത്തിന്റെ പ്രാധാന്യം പ്രചരിപ്പിക്കുന്നത് ലക്ഷ്യമിട്ട് ഇന്ന് ആഗോള കാറ്റാടി ദിനം ആചരിക്കുന്നു. ദിനാചരണത്തോടനുബന്ധിച്ച് പുനരുപയോഗ ഊർജ്ജ മന്ത്രാലയം ഇന്ന് ബെംഗളൂരുവിൽ പ്രത്യേക പരിപാടി സംഘടിപ്പിക്കും. കേന്ദ്ര പുനരുപയോഗ ഊർജ്ജ മന്ത്രി പ്രൽഹാദ് ജോഷി, സഹമന്ത്രി ശ്രീപദ് യെശോ നായിക് തുടങ്ങിയവർ പങ്കെടുക്കും.

&&&&&&&&&&&&&&&

&&&&&&&&&

&&&